**കേരള കാർഷിക സർവകലാശാല വാർത്തകൾ**

**(ഏപ്രിൽ 13 – 19 , 2018)**

**(തയ്യാറാക്കിയത്: കമ്മ്യൂണിക്കേഷൻ സെന്റർ, മണ്ണുത്തി – 680651**
**E-mail: ccmannuthy@kau.in, Phone: 0487-2370773)**

**No. C3/4/2018 – 17** **Dt. 12.04.2018**

ഈയാഴ്ചത്തെ വിള പരിപാലന നിർദ്ദേശങ്ങൾ

തെങ്ങിന് നന തുടരണം. നാല് ദിവസത്തിലൊരിക്കൽ 300 ലിറ്റർ വെള്ളം നൽകണം. തെങ്ങിന്റെ ശത്രു കീടമായ കൊമ്പൻ ചെല്ലി തെങ്ങിന്റെ കൂമ്പും വിടരാത്ത ഓലയും പൂങ്കുലയും തുളച്ചു തിന്നു നശിപ്പിക്കുന്നു. ചാണകത്തിലും കമ്പോസ്റ്റിലുമാണ് കൊമ്പൻ ചെല്ലി സാധാരണ മുട്ടയിട്ടു പെരുകുന്നത്. 'മെറ്റാറൈസിയം' എന്ന കുമിൾ ഉപയോഗിച്ച് ഇവയുടെ പുഴുക്കളെ എളുപ്പത്തിൽ നശിപ്പിക്കാം. തെങ്ങിനെ ആക്രമിക്കുന്ന ചിതൽ, വേരുതീനിപുഴുക്കൾ, എന്നിവയ്ക്കെതിരെ ഈ കുമിൾ ഫലപ്രദമാണ്. കുമിൾ ബാധയേറ്റ പുഴുക്കൾ ചലനമറ്റ് 12-15 ദിവസത്തിനകം ചത്തുപോകുന്നു. ഈ കുമിളിനെ തേങ്ങാവെള്ളത്തിൽ എളുപ്പത്തിൽ വളർത്തിയെടുക്കാം. ചെല്ലിയുടെ പുഴുക്കൾ വളരുന്ന ചാണകക്കുഴികളിൽ ഒരു ക്യൂബിക് മീറ്ററിന് 250 മില്ലി ഗ്രാം കുമിൾ കൾച്ചർ 750 മില്ലി വെള്ളവുമായി കലർത്തി തളിച്ച് ഇളക്കി കൊടുക്കണം. വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ BCCP യൂണിറ്റിൽ ഈ കുമിൾ വില്പനയ്ക്കുണ്ട്. ഏപ്രിൽ - മെയ് മാസങ്ങളിൽ പച്ചില വളച്ചെടികളുടെ അതായത് പയർ, കിലുക്കി തുടങ്ങിയവയുടെ വിത്ത് തെങ്ങിൻ തടങ്ങളുടെ ചുറ്റുമായി പാകാവുന്നതാണ്.

കൊമ്പൻ ചെല്ലിയെ നിയന്ത്രിക്കുന്നതിന് 250 ഗ്രാം വേപ്പിൻ പിണ്ണാക്ക് 250 ഗ്രാം മണലുമായി ചേർത്ത് ഓലക്കവിളുകളിൽ നിറച്ചു കൊടുക്കുന്നത് ഫലപ്രദമാണ്.

കശുമാവിൻ തോപ്പിലെ വിളവെടുപ്പ്, വിത്തണ്ടി ശേഖരണം, പതിവെയ്ക്കൽ എന്നീ പ്രവർത്തനങ്ങൾ തുടരാവുന്നതാണ്. ഇടവിളകൾ കൃഷി ചെയ്യുന്നുണ്ടെങ്കിൽ അവയ്ക്കുള്ള പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിക്കേണ്ട സമയമായി. പുതിയ തൈകൾ നടാനുള്ള കുഴികൾ കാലവർഷത്തിനു മുമ്പായി ലഭിക്കുന്ന വേനൽ മഴയോടെ എടുത്തിടേണ്ടതാണ്. തൈകൾ തയ്യാറാക്കാൻ വേണ്ടി പോളിത്തീൻ സഞ്ചികളിൽ പോട്ടിംഗ് മിശ്രിതം നിറച്ച് വിത്തണ്ടി പാകുന്ന ജോലിയും ഈ മാസത്തിൽ ചെയ്യേണ്ടതാണ്.

നേന്ത്ര വാഴയ്ക്ക് നന തുടരുക. തടത്തിൽ പുതയിടുകയാണെങ്കിൽ നന നാലു ദിവസത്തിൽ ഒന്നു മതി. ഒരു നനയ്ക്കു 40 ലിറ്റർ വെള്ളം വേണം. 5 മാസം പ്രായമായ വാഴയ്ക്ക് 65 ഗ്രാം യൂറിയയും 100 ഗ്രാം പൊട്ടാഷും ചേർക്കാം. വാഴയുടെ ചുവട്ടിൽ മുളയ്ക്കുന്ന കന്നുകൾ നശിപ്പിക്കണം. മറ്റിനം വാഴകളും നനയ്ക്കുന്നതുകൊണ്ട് വിളവു കൂടും. കനത്ത മഴ കിട്ടുകയാണെങ്കിൽ നേന്ത്രനൊഴികെ മറ്റിനം വാഴകൾ നടാം. നടുമ്പോൾ ഓരോ കുഴിയിലും 10 കിലോഗ്രാം വീതം ജൈവവളം ചേർക്കണം. പിണ്ടിപ്പുഴുവിന്റെ ആക്രമണം തുടങ്ങാൻ സാധ്യതയുള്ള സമയണാണിത്. പിണ്ടിപ്പുഴുവിന്റെ ആക്രമണം ഉണ്ടാകാതിരിക്കാനായി തോട്ടത്തിലെത്തന്നെ മണ്ണ് കുഴച്ച് കുഴമ്പാക്കി പശ ചേർത്ത് വാഴയുടെ തടയിൽ പുരട്ടണം.

ഏപ്രിൽ മാസത്തിന്റെ രണ്ടാം പകുതിയോടെ വേനൽ മഴ ലഭിച്ചതിനു ശേഷം ഇഞ്ചി നടാവുന്നതാണ്. 20 x 20 സെന്റീമീറ്റർ അകലത്തിൽ ചെറു കുഴികളിൽ ഒരു മുകുളമെങ്കിലും മുകളിലേക്ക് വരത്തക്കവണ്ണം വിത്തിഞ്ചി നടുക.

ചെടികളിൽ വെളുത്ത പഞ്ഞിപോലുള്ള മീലിമൂട്ടയുടെയും പരന്ന ആകൃതിയിലുള്ള ശല്ക്കകീടങ്ങളുടെയും ആക്രമണം നിയന്ത്രിക്കാനായി ആദ്യം 5 ഗ്രാം ബാർ സോപ്പ് ചെറുതായി അരിഞ്ഞ് ചെറു ചൂടുവെള്ളത്തിൽ (ഒരു ലിറ്റർ) ലയിപ്പിച്ചശേഷം ചെടികളിൽ തളിക്കണം. ഒരു മണിക്കൂർ കഴിഞ്ഞ് വെർട്ടിസീലിയം ലക്കാനി എന്ന കുമിൾ 20 ഗ്രാം ഒരു ലിറ്റർ വെള്ളത്തിൽ കലക്കി ചെടികളിൽ തളിക്കണം. മീലിമൂട്ടയുടെ വംശവർദ്ധനവ് വളരെ കൂടുതലായതിനാൽ 2-3 ദിവസത്തിലൊരിക്കൽ ഈ കുമിൾ ലായനി തളിച്ചു കൊടുക്കണം. ഉറുമ്പിന്റെ ശല്യം ഒപ്പം കാണുന്നതിനാൽ ചെടിയുടെ കടയ്ക്ക് വേപ്പിൻ പിണ്ണാക്ക് ഇട്ടു കൊടുക്കുകയും വേണം. വെർട്ടിസീലിയം എന്ന കുമിൾ വെള്ളാനിക്കര ഹോർട്ടിക്കൾച്ചർ കോളേജിലെ ജൈവകീടരോഗ നിയന്ത്രണ വിഭാഗത്തിൽ ലഭ്യമാണ്. (ബന്ധപ്പെടേണ്ട ഫോൺ നമ്പർ ബയോകൺട്രോൾ യൂണിറ്റ് - 0487-248303)

**<u>അറിയിപ്പ്</u>**

**1**.കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ കാർഷിക പ്രസിദ്ധീകരണങ്ങളും, കല്പധേനു എന്ന കാർഷിക സർവ്വകലാശാലയുടെ ത്രൈമാസിക പ്രസിദ്ധീകരണവും വില്പനയ്ക്കുണ്ട്. ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **0487-2370773**

2.കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ പാൽ കൂൺ വിത്ത് വിൽക്കപ്പെടുന്നു. 300 ഗ്രാം 40 രൂപ.

ബന്ധപ്പെടേണ്ട ഫോൺ നമ്പർ : **8086405476, 9645420575**

3.കേരള കാർഷിക സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്റർ മണ്ണുത്തിയിൽ വച്ച് സസ്യപ്രജനന മാർഗ്ഗങ്ങളായ ബഡ്ഡിംഗ്, ഗ്രാഫ്റ്റിംഗ്, ലെയറിംഗ് എന്നീ വിഷയത്തിൽ ത്രിദിന പരിശീലന പരിപാടി സംഘടിപ്പിക്കുന്നു. 1500 രൂപ രജിസ്ട്രേഷൻ ഫീസോടെ ഏപ്രിൽ 16, 17, 18 എന്നീ തിയ്യതികളിൽ നടത്തുന്ന പരിപാടിയിൽ പങ്കെടുക്കാൻ താൽപര്യമുള്ളവർ **0487-2370773**, **9447789728** എന്നീ ഫോൺ നമ്പറുമായി ബന്ധപ്പെടുക.

**ഒപ്പ്**
**പ്രൊഫസർ & ഹെഡ്**